(സി) ഈ പദ്ധതിക്കുവേണ്ടി തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ഡി ആന്റ് ഇ) ബാധകമല്ല.

പുതുതായി അനുവദിച്ച അൺഎയിഡഡ് സ്കൂളുകൾ

26 [2243] ശ്രീ. എ. എ. അസീസ്:

„ കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയിഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഇനിയും പുതുതായി അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽക്കാൻ ആലോചനയുണ്ടോ;

(സി) അംഗീകാരം നൽകിയ സ്കൂളുകളുടെ പേരുവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 494 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പുതുതായി സ്കൂളുകൾക്ക് അംഗീകാരം നൽകാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

പ്ലസ്ടു അനുവദിച്ച സ്കൂളുകളിൽ പി.എസ്.സി. വഴി അദ്ധ്യാപക നിയമനം നടത്താൻ നടപടി

27 [2244] ശ്രീ. സി. ടി. അഹമ്മദ് അലി:

„ കളത്തിൽ അബ്ദുള്ള:

„ പി. കെ. അബ്ദുറബ്ബ്:

„ നാലകത്ത് സൂപ്പി:

„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 വർഷത്തിൽ പ്ലസ്ടു കോഴ്സ് അനുവദിച്ച 286 ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഇപ്പോഴും ദിവസക്കൂലിയിൽ നിയമിച്ച അദ്ധ്യാപകരാണ് ക്ലാസുകൾ നടത്തുന്നത് എന്നതിനാൽ അത് വിദ്യാർത്ഥികളുടെ പഠനനിലവാരത്തെ ബാധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2004-2005 വർഷത്തിൽ 3000 ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പുതിയ തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള മന്ത്രിസഭാ തീരുമാനപ്രകാരം അനുവദിച്ച തസ്തികകൾ മേൽപ്പറഞ്ഞ പ്ലസ്ടു സ്കൂളുകളിൽകൂടി അനുവദിക്കുമോ;

(സി) പുതുതായി അനുവദിച്ച സ്കൂളുകളിലേക്ക് മുമ്പ് നിലവിലുണ്ടായിരുന്ന പ്ലസ്ടു സ്കൂളുകളിൽ നിന്ന് അദ്ധ്യാപകരുടെ സ്ഥലംമാറ്റം അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പുതുതായി അനുവദിച്ച പ്ലസ്ടു സ്കൂളുകളിൽ പി.എസ്.സി.-യിൽ നിന്ന് യോഗ്യരായ അദ്ധ്യാപകരെ നിയമിക്കുന്നതിന് സാങ്കേതികമായ തടസ്സങ്ങളെന്തെങ്കിലുമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ തടസ്സങ്ങളെന്തെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ തടസ്സങ്ങൾ മാറ്റി കഴിവുറ്റ അദ്ധ്യാപകരെ പി.എസ്.സി.-യിൽനിന്ന് നിയമനം നടത്തി സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിന് ഗവൺമെന്റ് സത്വര നടപടിയെടുക്കുമോ?

ഉത്തരം

(എ) സ്ഥിരാദ്ധ്യാപക നിയമനത്തിന് അതേ യോഗ്യതയുള്ളവരാണ് ദിവസക്കൂലിയിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകരും എന്നതിനാൽ ഇത് പഠന നിലവാരത്തെ ബാധിക്കുമെന്ന് കരുതുന്നില്ല.

(ബി) മേൽപ്പറഞ്ഞ സ്കൂളുകൾക്കുകൂടിയാണ് ഈ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്.

(സി) പുതുതായി അനുവദിച്ച പ്ലസ്ടു സ്കൂളുകളിൽ ഇൻസ്പെക്ഷൻ കമ്മിറ്റിയുടെ റിപ്പോർട്ടു പ്രകാരം വിവിധ വിഷയങ്ങളിലുള്ള തസ്തികകൾ നിർണ്ണയിക്കപ്പെടേണ്ടതുണ്ട്. ഇതിനുശേഷം മാത്രമേ മറ്റ് സ്കൂളുകളിൽ നിന്ന് സ്ഥലംമാറ്റം അനുവദിക്കാൻ സാധിക്കുകയുള്ളൂ.

(ഡി ആന്റ് ഇ) വിവിധ വിഷയങ്ങളിലുള്ള തസ്തികകൾ നിർണ്ണയിച്ചതിനുശേഷം ഈ കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ.

(എഫ്) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ വിവിധ വിഷയങ്ങളിൽ 20-9-2001 വരെയുള്ള വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വേക്കൻസികളിലേക്കുള്ള പി.എസ്.സി. നിയമനം നടന്നുവരികയാണ്. ഇതിനുശേഷമുള്ള വേക്കൻസികളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നൽകുന്നതിന് നടപടി യഥാവസരം സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly